**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 820** **06-12-2022 - ൽ മറുപടിയ്ക്ക്**

**കെയർഹോം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കടകംപള്ളി സുരേന്ദ്രൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സഹകരണ മേഖല ശക്തിപ്പെടുത്തുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ; | (എ) | • സംസ്ഥാനത്തെ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിലേക്കായി സംസ്ഥാനത്തെ സഹകരണ മേഖലയെ ത്രിതല സംവിധാനത്തിൽ നിന്നും ദ്വിതലത്തിലേക്ക് മാറ്റി ജില്ലാ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരളാ ബാങ്ക് രൂപീകരിക്കുകയുണ്ടായി. ഇതുവഴി കർഷകർക്ക് കുറഞ്ഞ നിരക്കിൽ വായ്പ ലഭിക്കുന്നതിനും, KSCB യുടെ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ പ്രദാനം ചെയ്യാനും കഴിയുന്നതാണ്.<br>• ആധുനിക ബാങ്കിംഗ് സേവനങ്ങൾ കുറഞ്ഞ ചിലവിൽ ഇടപാടുകാർക്ക് ലഭ്യമാക്കുന്നതിനായി കേരള ബാങ്കിൽ അതിനൂതന കോർ ബാങ്കിംഗ് സംവിധാനം ഉടൻ നിലവിൽ വരുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നുവരുന്നു.<br>• ആഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വകരീക്കുന്നതിന്റെ ഭാഗമായി ഇൻഡ്യൻ ആഡിറ്റ് അക്കൗണ്ട്സ് വകുപ്പിൽ നിന്ന് ഒരു ഉദ്യോഗസ്ഥയെ മുഴുവൻ സമയം ആഡിറ്റിന് ഡയറക്ടറായി നിയമിച്ചിട്ടുണ്ട്.<br>• സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ വിശ്വാസ്യത, സുതാര്യത എന്നിവ ഉറപ്പ് വരുത്തുന്നതിനായി ഓഡിറ്റ് സംവിധാനം ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി ടീം ആഡിറ്റ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>• ഗവർണൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും സംഘങ്ങളിലൂടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യമാക്കുന്നതിനും വഴിതെളിയുന്ന നിയമ |

| | | | |
|---|---|---|---|
| | | | പരിഷ്കരണം നടപ്പാക്കാൻ നടപടി സ്വീകരിച്ചു വരുന്നു.<br>• സഹകരണ ഉൽപ്പന്നങ്ങൾ COOPKERALA എന്ന ഒറ്റ ബ്രാൻഡിൽ വിപണനം ചെയ്യുന്നതിനായി ബ്രാൻഡിംഗ് ആൻഡ് മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ് എന്ന പദ്ധതി സഹകരണ വകുപ്പ് ആരംഭിച്ചു. സംഘങ്ങളുടെ പ്രവർത്തന വൈവിധ്യവൽക്കരണം ലക്ഷ്യമിട്ട് അഗ്രിക്കൾച്ചറൽ ഇൻഫ്രാ സ്ട്രക്ചറൽ ഫണ്ട് പദ്ധതിയിലൂടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും Value added ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.<br>• സംസ്ഥാനത്ത് സാധാരണക്കാരന് വലിയ ആശ്വാസമായ സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനും, സംഘങ്ങൾ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനും ധനസഹായം അനുവദിക്കുന്നു.<br>• സഹകരണ മേഖലയിലേയ്ക്ക് കൂടുതൽ യുവാക്കളെ ആകർഷിക്കുന്നതിനായി യുവ സംരംഭകർക്കും സേവന ദാതാക്കൾക്കുമായി സംസ്ഥാനത്ത് യുവാക്കളുടെ സഹകരണ സംഘങ്ങൾ വിവിധ ജില്ലകളിലായി 30 യുവജന സഹകരണ സംഘങ്ങൾ രൂപീകരിച്ച് രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>• കോട്ടയം ആസ്ഥാനമാക്കി കലാകാരൻമാരുടെ സഹകരണസംഘം - Kerala State Artist & Artistes Co-operative Society Ltd. No. 4506 (AARTICS) എന്ന പേരിൽ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്നു.<br>• 1969 ലെ സഹകരണസംഘം നിയമം വകുപ്പ് 56(1) സി ചട്ടം 53 എ പ്രകാരം കേരള സഹകരണ അംഗ സമാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്.<br>• നെൽ കർഷകരുടെ സംഭരണ, വിപണന പ്രശ്നങ്ങൾ പരിഹരിക്കാൻ പാലക്കാട് ഒഴികെയുള്ള ജില്ലകൾ പ്രവർത്തന മേഖലയാക്കി കേരള പാഡി പ്രൊക്യൂർമെന്റ് പ്രൊസസിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം (കാപ്കോസ്) നിലവിൽ വന്നു. |
| (ബി) | സംസ്ഥാനത്തെ സഹകരണ മേഖലക്കു | (ബി) | 2020 ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം |

| | | | |
|---|---|---|---|
| | പ്രതികൂലമായി കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ബദൽ പദ്ധതി സർക്കാരിന്റെ ആലോചനയിലുണ്ടോ എന്ന് വിശദമാക്കുമോ; | | പാർലമെന്റ് പാസ്സാക്കിയിരുന്നു. എന്നാൽ കാലാകാലങ്ങളിൽ വരുത്തിയ ഭേദഗതികളിലൂടെ ബാങ്കിംഗ് നിയമത്തിലെ മിക്കവാറും എല്ലാ വ്യവസ്ഥകളും സഹകരണ സംഘങ്ങൾക്ക് ബാധകമാക്കിയിട്ടുണ്ട്. പല ഭേദഗതി നിർദ്ദേശങ്ങളും സഹകരണ നിയമത്തിന് എതിരുമാണ്.<br><br>ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ വരുത്തിയ ഭേദഗതികൾ മിക്കവയും സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതിനാൽ, പ്രസ്തുത ഭേദഗതിക്കെതിരെ ഭരണഘടനയുടെ 131 ആർട്ടിക്കൾ പ്രകാരം Suit സുപ്രീം കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്.<br><br>ആദായനികുതി നിയമത്തിലെ ഭേദഗതികൾക്കെതിരെ സംഘങ്ങൾ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | സഹകരണ മേഖലയിലെ അഴിമതി തടയുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉദ്ദേശിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; കെയർഹോം പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം ലഭ്യമാക്കുമോ ; | (സി) | • അഴിമതി തടയുക, സംഘം പ്രവർത്തനങ്ങളിൽ സുതാര്യത ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി സമഗ്രമായ നിയമഭേദഗതി സർക്കാർ പരിഗണിച്ചു വരുന്നു.<br>• ആഡിറ്റിന് കാര്യക്ഷമമാക്കുന്നതിനായി Term Audit സംവിധാനം നടപ്പാക്കി.<br>• സഹകരണ വകുപ്പ് ആധുനികവത്കരണ-ത്തിന്റെ ഭാഗമായി C-dit മുഖേന നടപ്പിലാക്കിയിട്ടുള്ള (Integrated Co-operative Department Management System) പ്രോജക്ടിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്.<br><br>കെയർ ഹോം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ സംസ്ഥാനമൊട്ടാകെ നിർമ്മിച്ചു നൽകുന്നതിന് അനുമതി ലഭിച്ച 2093 വീടുകളിൽ, 2022 നവംബർ 25 വരെ 2091 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തൃശ്ശൂർ ജില്ലയിൽ പഴയന്നൂർ ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് 40 കുടുംബങ്ങൾക്ക് വസിക്കാൻ കഴിയുന്ന ഭവന സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് |

| | | | |
|---|---|---|---|
| | | | താക്കോൽ കൈമാറിയിട്ടുണ്ട്. മറ്റ് ജില്ലകളിലെ പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു. |
| (ഡി) | വിദ്യാഭ്യാസം , ആരോഗ്യം, ഭക്ഷ്യോൽപ്പാദനം എന്നീ മേഖലകളിൽ സഹകരണ മേഖലയുടെ ഇടപെടൽ വിശദമാക്കാമോ ? | (ഡി) | 1. വിദ്യാഭ്യാസ സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ആശുപത്രി സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്നിവയ്ക്ക് പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്ന പദ്ധതിയിൽ നിന്നും തുക അനുവദിക്കുന്നുണ്ട്. ഈ സ്ഥാപങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമിട്ട് ഒരു പദ്ധതി പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തിന് സമർപ്പിച്ചിട്ടുണ്ട്.<br>2. സഹകരണ മേഖലയിലുള്ള സ്ഥാപങ്ങൾ നടത്തുന്ന Professional Course കൾ നവീകരിക്കാൻ നടപടി സ്വീകരിച്ച് വരുന്നു.<br>3. പുതിയ കോഴ്സുകൾ ആരോഗ്യമേഖലയിൽ ആരംഭിക്കുന്നതാണ്.<br>4. സംസ്ഥാന സഹകരണ യൂണിയന്റെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിന് പ്രത്യേകം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.<br>5. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷന് – കേപ്പ്–ന് കീഴിലുള്ള സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും തുക അനുവദിക്കുന്നത് കൂടാതെ CAPE ന്റെ ആഭിമുഖ്യത്തിൽ ഒരു Skill Upgradation Center ആരംഭിച്ചുണ്ട് . കൂടാതെ ഒരു Fab Lab ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br>6. കാർഷിക മേഖലയിലെ സമഗ്രമായ ഇടപെടൽ നടത്തി കാർഷികോത്പാദനം വർദ്ധിപ്പിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതിയാണ് “സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി”.<br>7. കേരള ബാങ്ക്, വായ്പാ ഭക്ഷ്യോത്പാദനം ലക്ഷ്യമിട്ട് KB-LT(Agri), KB-Micro food Processing, എന്നീ പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ